റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പി.എസ്.സി.ക്ക് വേണ്ടിവരുന്ന കാലദൈർഘ്യം

28 (4370) ശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ തസ്തികയിലേക്കും അപേക്ഷ ക്ഷണിച്ച് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പി.എസ്.സി.ക്ക് കുറഞ്ഞത് എത്ര വർഷം വേണ്ടി വരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) റാങ്ക് പട്ടിക തയ്യാറാക്കാൻ പി.എസ്.സി.ക്ക് വേണ്ടിവരുന്ന കൂടിയ കാലാവധി എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ കാലതമസം ഒഴിവാക്കാൻ പുതുതായി നടപടികളെന്തെങ്കിലും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

29 (4371) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്കായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നിയമനം നൽകിയവരിൽ പെൻഷൻ ഏകീകരണം നടപ്പാക്കിയതിനുശേഷം എത്ര പേർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട് ;

(സി) ഇപ്പോൾ സൂപ്പർ ന്യൂമററി തസ്തികൾ സൃഷ്ടിച്ച് നിയമനം നടത്തുന്ന രീതി നിലവിലുണ്ടോ ;

(ഡി) തിരുവനന്തപുരം ജില്ലയിൽ വിവിധ വകുപ്പുകളിലേക്കായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിയമനങ്ങൾക്കായി ഇപ്പോൾ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന സമയം വരെയുള്ള കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പഴയ റാങ്ക് ലിസ്റ്റിൽ നിന്നും ഉള്ളവർക്ക് ലഭിക്കേണ്ട അർഹമായ നിയമനം നഷ്ടപ്പെടുമെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly